പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6720 01.11.2011- ലെ മറുപടി

<u>കെ.എസ്.ആർ.ടി.സി. എ.സി ബസ്സുകളിൽ പ്രീപെയ്ഡ് സംവിധാനം</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. ലൂഡി ലൂയിസ്
ശ്രീ. പാലോട് രവി
ശ്രീ. സണ്ണി ജോസഫ്
ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ എ.സി. ബസ്സുകൾ അതിരാവിലെയും രാത്രി വൈകിയും ഓപ്പറേറ്റ് ചെയ്യുമ്പോൾ വളരെ കുറച്ച് പേർ മാത്രം യാത്ര ചെയ്യുന്നതിനാൽ പ്രസ്തുത സമയങ്ങളിൽ ബസ് നിരക്കിൽ കുറവ് നൽകി കൂടുതൽ പേരെ ആകർഷിക്കുവാൻ ശ്രമിക്കുമോ ; | (എ) | കെ.എസ്.ആർ.ടി.സി. യുടെ എ.സി. ബസ്സുകൾ പ്രധാനമായും ദീർഘദൂര, ദീർഘദൂര അന്തർസംസ്ഥാന റൂട്ടുകളിലാണ് ഓപ്പറേറ്റ് ചെയ്ത് വരുന്നത്. അന്തർ സംസ്ഥാന റൂട്ടുകളിൽ പ്രധാനമായും കേരളത്തിൽ നിന്ന് ബാംഗ്ലൂർ സെക്ടറിലാണ് എ.സി. ബസ്സുകൾ ഓടിക്കുന്നത്. കാലപ്പഴക്കം ചെന്നവയും മെയിന്റനൻസ് കൂടുതലുള്ളവയുമായ എ.സി. ബസ്സുകൾ മാറ്റി പകരം സൂപ്പർ എക്സ്പ്രസ് എയർ ബസ്സുകൾ നൽകി കഴിഞ്ഞിട്ടുണ്ട്. ദീർഘദൂര അന്തർ സംസ്ഥാന റൂട്ടുകളിൽ യാത്രക്കാരുടെ താല്പര്യപ്രകാരം സർവ്വീസ് ഓപ്പറേഷൻ പ്രധാനമായും രാത്രിയിലാണ് നടക്കാറുള്ളത്. രാത്രിയിൽ സർവ്വീസ് ഓപ്പറേഷൻ നടത്തുന്നതുകൊണ്ട് ചെലവിൽ പ്രത്യേകിച്ച് യാതൊരുവിധ കുറവും വരാത്തതുകൊണ്ടും നിലവിലുള്ള നിയമങ്ങൾ അനുവദിക്കാത്തതു കൊണ്ടും രാത്രിയിലും അതിരാവിലെയും ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകളിലെ ബസ്സ് നിരക്കിൽ കുറവു വരുത്തണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല. |

| | | | |
|---|---|---|---|
| (ബി) | സ്ഥിരമായി യാത്ര ചെയ്യുന്ന യാത്രക്കാരെ ആകർഷിക്കുവാൻ പ്രീ പെയ്ഡ് കാർഡ് സംവിധാനം ഏർപ്പെടുത്തി കെ.എസ്.ആർ.ടി.സി.ക്ക് നിശ്ചിത വരുമാനം ഉറപ്പു വരുത്തുന്ന കാര്യം പരിഗണിക്കുമോ; | (ബി) | സ്ഥിരമായി യാത്ര ചെയ്യുന്ന യാത്രക്കാരെ ഉദ്ദേശിച്ചാണ് കെ.എസ്.ആർ.ടി.സി. സീസൺ ടിക്കറ്റ് സമ്പ്രദായം പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ് - മംഗലപുരം റൂട്ടിൽ നടപ്പിൽ വരുത്തിയത്. 20 ദിവസത്തെ നിരക്കിൽ ഒരു മാസം യാത്ര ചെയ്യുന്നതിന് (പരമാവധി 31 ദിവസം) അനുവദിക്കുന്ന രീതിയിലാണ് സീസൺ ടിക്കറ്റ് ഏർപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഈ സമ്പ്രദായം ഇതുവരെയും പൂർണ്ണ വിജയത്തിൽ എത്തിയിട്ടില്ല. സീസൺ ടിക്കറ്റ് സമ്പ്രദായം യാത്രക്കാർക്ക് പ്രയോജനപ്രദമാകുന്ന രീതിയിൽ മറ്റ് പ്രധാന റൂട്ടുകളിൽ കൂടി ഏർപ്പെടുത്തുവാൻ കഴിയുമോ എന്നകാര്യം കെ.എസ്.ആർ.ടി.സി. പരിശോധിച്ചുവരികയാണ്. |
| (സി) | തോപ്പുംപടി, തേവര ജംഗ്ഷൻ തുടങ്ങിയ സ്റ്റോപ്പുകളിൽ വരെ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി ബസ്സുകൾ തൊട്ടടുത്ത തിരക്ക് കൂടുതലുള്ള പ്രദേശത്തേക്ക് സർവ്വീസ് നീട്ടി കെ.എസ്.ആർ.ടി.സി യുടെ വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കുമോ ? | (സി) | നിലവിൽ തോപ്പുംപടി വരെയുള്ള സർവ്വീസുകൾ പ്രധാനമായും ദേശസാത്കൃത റൂട്ടായ ചേർത്തല ഭാഗത്തുനിന്നും വരുന്ന ബസ്സുകളാണ്. പ്രസ്തുത മേഖലയിലുള്ളവർക്ക് കൂടുതൽ യാത്രാ സൗകര്യം ലഭിക്കുന്നതിനായിട്ടാണ് തോപ്പുംപടിയിൽ ട്രിപ്പുകൾ അവസാനിപ്പിക്കുന്നത്. ഇപ്പോൾ തേവരയിൽ അവസാനിപ്പിക്കുന്ന ട്രിപ്പുകൾ കുറവാണ്. പുതുതായി പണിതുകൊണ്ടിരിക്കുന്ന വെണ്ടുരുത്തി പാലത്തിന്റെ പണി പൂർത്തിയാകുന്നതോടുകൂടി തേവരയിൽ അവസാനിപ്പിക്കുന്ന സർവ്വീസുകൾ പശ്ചിമകൊച്ചിയിലെ വിവിധ സ്ഥലങ്ങളിലേയ്ക്ക് ദീർഘിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ